"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കണ്ണൂർ നഗരസഭയിലെ എൻ.ഇ ബലറാം മെമ്മോറിയൽ ട്രസ്റ്റ് കെട്ടിടത്തിന്റെ പെർമിറ്റ് ദീർഘിപ്പിച്ച് നൽകുന്നതിന് നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.228/2026/LSGD തീയതി, തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. എൻ ഇ ബലറാം മെമ്മോറിയൽ ട്രസ്റ്റ് ചെയർമാന്റെ 02-09-2024 തീയതിയിലെ അപേക്ഷ.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.08.2025, 04.12.2025 തീയതികളിലെ LSGD/PD/11101/2025-AR4 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ നിന്നനുവദിച്ച 03.05.2013-ലെ പെർമിറ്റ് നം.B3/BA/333/12 പ്രകാരമുള്ള ഇരുനിലകെട്ടിടത്തിനു മുകളിൽ നിർമ്മാണം നടത്തിയിരുന്നുവെന്നും പെർമിറ്റ് കാലാവധി കഴിയുന്നതിനു മുമ്പേ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും കെട്ടിടനമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (1) പ്രകാരം എൻ. ഇ. ബലറാം മെമ്മോറിയൽ ട്രസ്റ്റ് ചെയർമാൻ അപേക്ഷിച്ചിരുന്നു.

2) പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ നഗരസഭ പരിധിയിലുള്ള എൻ. ഇ. ബലറാം മെമ്മോറിയൽ ട്രസ്റ്റ് കെട്ടിടത്തിന്, നിലവിലുള്ള നിരക്കിൽ പെർമിറ്റ് ദീർഘിപ്പിക്കാനുള്ള ഫീസ് ഈടാക്കി പെർമിറ്റ് 01/05/2026 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് കണ്ണൂർ നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി.എൻ ചന്ദ്രൻ, ചെയർമാൻ, എൻ ഇ ബലറാം മെമ്മോറിയൽ ട്രസ്റ്റ്, ഗോപാൽ സ്ട്രീറ്റ്, കണ്ണൂർ - 670001.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കണ്ണൂർ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ &ഇ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ

Signed by
Shini Pereira. V
Date: 29-01-2026 15:36:30

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ